**HADIA CSE Khutba Notes (31.01.2020)**

സംഘബോധം അസ്വബിയ്യത്തിലേക്ക് വഴിമാറുന്നുവോ?

നമ്മൾ മലയാളികൾക്ക് ഇതരനാട്ടുകാരെ അപേക്ഷിച്ച് നിരവധി പ്രത്യേകതകളുണ്ട്. അവയിലെ വളരെ പ്രധാനപ്പെട്ട ഒന്നാണ് നമ്മുടെ സംഘബോധം. ആറു മലയാളികൾക്ക് നൂറു സംഘടന എന്ന് പറയുന്നത് വെറുതെയല്ല! ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും സംഘടനകളുടെ പേരിൽ സംഗമിക്കുന്നത് മലയാളികളുടെ പൊതുസ്വഭാവമാണ്. എന്തിന്റെയെല്ലാം പേരിലാണ് നാം സംഘടിക്കാറുള്ളത്? രാഷ്ട്രീയത്തിന്റെ പേരിൽ, മതത്തിന്റെയും ചാരിറ്റിയുടെയും പേരിൽ, കുടുംബത്തിന്റെ പേരിൽ....! അടുത്തകാലത്ത് ചില പ്രത്യേക പേരുകളുടെ പേരിലും മലയാളികൾ സംഘടിച്ച് ചരിത്രം സൃഷ്ടിച്ചിരിക്കുന്നു.

നമ്മുടെ കൂട്ടത്തിലെ ചിലയാളുകൾ പ്രസ്തുത സംഘടനാജ്വരത്തെ പറ്റെ വിമർശിക്കുന്നത് കാണാം. അത് ഒരിക്കലും ശരിയല്ല. കാരണം, അതുകൊണ്ട് ഒരു സമൂഹം എന്ന നിലക്ക് നമുക്കുണ്ടായ നിരവധി ഗുണങ്ങളെ നിഷേധിക്കാനാവില്ല. ഉദാഹരണത്തിന് ലോകത്തിന്റെ ഏത് ഭാഗത്ത് പോയാലും മലയാളികൾകൾക്കിടയിൽ വിശിഷ്യാ കാണാൻ പറ്റുന്ന സഹായമനസ്കത. ഇത് സംഘബോധം കൊണ്ടുണ്ടായതാണല്ലോ. വേറെയൊന്നാണ് കേരളത്തിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടക്ക് ഉണ്ടായ ധാർമിക-നവോത്ഥാന പ്രവർത്തനങ്ങൾ. ഇവയിൽ മദ്റസാ - അറബിക് കോളജ് പ്രസ്ഥാനങ്ങൾ അടക്കം മിക്കവയും ഈ സംഘബോധത്തിന്റെ സംഭാവനകൾ തന്നെയാണ്. എല്ലാറ്റിനുമുപരി ഏതു നല്ല കാര്യത്തിനു വേണ്ടിയാണെങ്കിലും കൂടി ഇരിക്കുന്നത് ശരീഅത്തിൽ വലിയ ഇബാദത്താണല്ലോ. നിയ്യത്ത് നന്നാക്കിയാൽ അതെങ്കിലും നമ്മുടെ സംഘബോധം കൊണ്ട് നമുക്ക് കിട്ടുന്നുണ്ട്. പ്രവാചകൻ (സ്വ) പറഞ്ഞു:

**عَنِ النَّبِيِّ صلى الله عليه وسلم، قَالَ: سَبْعَةٌ يُظِلُّهُمُ اللهُ فِي ظِلِّهِ يَوْمَ لاَ ظِلَّ إِلاَّ ظِلُّهُ: الإِمَامُ الْعَادِلُ، وَشَابٌّ نَشَأَ فِي عِبَادَةِ رَبِّهِ، وَرَجُلٌ قَلْبُهُ مُعَلَّقٌ فِي الْمَسَاجِدِ، وَرَجُلاَنِ تَحَابَّا فِي اللهِ، اجْتَمَعَا عَلَيْهِ وَتَفَرَّقَا عَلَيْهِ ... (متفق عليه)**

അതുകൊണ്ടാണ് യാത്ര പോലെ വളരെ നിസ്സാരകാര്യങ്ങൾക്ക് ഇറങ്ങി പുറപ്പെടുകയാണെങ്കിൽ പോലും സംഘടിച്ച് പോവണം എന്ന് ഇസ്‌ലാം നിർദേശിക്കാനുള്ള കാരണം.

**عَنْ عَبْدِ اللَّهِ بْنِ عَمْرٍو أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَا يَحِلُّ أَنْ يَنْكِحَ الْمَرْأَةَ بِطَلَاقِ أُخْرَى وَلَا يَحِلُّ لِرَجُلٍ أَنْ يَبِيعَ عَلَى بَيْعِ صَاحِبِهِ حَتَّى يَذَرَهُ وَلَا يَحِلُّ لِثَلَاثَةِ نَفَرٍ يَكُونُونَ بِأَرْضِ فَلَاةٍ إِلَّا أَمَّرُوا عَلَيْهِمْ أَحَدَهُمْ (احمد)**

**أبو سعيد الخدري - رضي الله عنه - قال : قال رسول الله -صلى الله عليه وسلم- «إذا خرجَ ثلاثة في سفر فليُؤَمِّروا أحدهم» (أبو داود)**

പണ്ട് പ്രവാചകന്റെ കാലത്ത്, യാത്ര ചെയ്യുമ്പോൾ വിശ്രമവേളയിൽ സ്വഹാബത്ത് ചിന്നിച്ചിതറി താവളമുറപ്പിക്കുക പതിവായിരുന്നു. അതുപോലും അവിടന്ന് നിരുത്സാഹപ്പെടുത്തി.

**أبو ثعلبة الخشني - رضي الله عنه - قال : «كان الناس إذا نزلوا مَنزِلا - وفي رواية : كان الناس إذا نزل رسول الله -صلى الله عليه وسلم- منزِلا - تفرَّقُوا في الشِّعاب والأودية ، فقال رسولُ الله - صلى الله عليه وسلم- : إن تفرقُّكم في هذه الشِّعابِ والأَودِيَة ، إنما ذلكم من الشيطان ، فلم ينزلوا بعد ذلك منزلا إلا انْضمَّ بعضهم إلى بعض، حتى يقال : لو بُسِطَ عليهم ثوب لَعمَّهم» (أبو داود)**

ചുരുക്കത്തിൽ സംഘടിക്കുന്നത് ആത്യന്തികമായി ഒരു ഇബാദത്തും നിരവധി സാമൂഹിക നേട്ടങ്ങൾക്ക് കാരണവുമാണ്. അതോടൊപ്പം ഏത് കാര്യത്തിലെന്ന പോലെ നമ്മുടെ സംഘബോധത്തിനും അപചയം വരുന്നത് തിരിച്ചറിയാൻ നമുക്ക് കഴിയണം.

സംഘബോധം തകർക്കുന്ന പ്രധാന കാര്യമാണ് തെറ്റിനെതിരെ കണ്ണടക്കുന്ന പക്ഷപാതിത്വം.

ഇതിന്റെ അപകടം നേരത്തെ ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്.

**HADIA CSE Khutba Notes (31.01.2020)**

സംഘബോധം അസ്വബിയ്യത്തിലേക്ക് വഴിമാറുന്നുവോ?

**جندب بن عبد الله - رضي الله عنه - : قال :قالَ النَّبيُّ -صلى الله عليه وسلم-: «مَن قُتِلَ تحت راية عِمِّيَّة يَدْعُو عَصَبيَّة ، أو ينصر عَصَبيَّة ، فَقِتْلة جَاهِلِيَة» (مسلم والنسائي)**

**عَنِ ابن عَبَّاسٍ رَضِي اللَّهُ عنهما قال قال رسول اللَّهِ صلى اللَّهُ عليه وسلم هَلاكُ أُمَّتِي في ثَلاثٍ في الْعَصَبِيَّةِ وَالْقَدَرِيَّةِ وَالرِّوَايَةِ في غَيْرِ تَثَبُّتٍ (طبراني)**

**عن حذيفة بن اليمان رضي الله عنه قال : قال رسول الله صلى الله عليه و سلم : لن تفتن أمتي حتى يظهر فيهم التمايز و التمايل و المقامع قلت : يا رسول الله ما التمايز ؟ قال : التمايز عصبية يحدثها الناس بعدي في الإسلام قلت : فما التمايل ؟ قال : تميل القبيلة على القبيلة فتستحل حرمتها قلت : فما المقامع ؟ قال : سير الأمصار بعضها إلى بعض تختلف أعناقهم في الحرب (حاكم)**

**جبير بن مطعم - رضي الله عنه - : أَنَّ رَسولَ الله -صلى الله عليه وسلم- قال : «لَيسَ مِنَّا مَنْ دَعا إِلى عَصبيَّة ، وليس منا من قاتل عصبيَّة ، وليس منا من مات على عصبيَّة» (ابو داود)**

**قال الشافعي في شهادة أهل العصبية : من أظهر العصبية بالكلام ، وتألف عليها ، ودعا إليها وإن لم يكن يشهر نفسه بقتال فيها فهو مردود الشهادة ، لأنه أتى محرماً ، لا اختلاف فيه بين علماء المسلمين فيما علمتُه (السنن الكبري)**

ഇവിടെ എന്താണ് പക്ഷപാതിത്വം എന്ന ചോദ്യം പ്രസക്തമാണ്. കേവലം ഒരാൾക്ക് തന്റെ കുടുംബത്തോടോ നാടിനോടോ വംശത്തോടോ ഉണ്ടാകുന്ന സ്വാഭാവിക ഇഷ്ടമല്ല അത്. മറിച്ച്, അവർ എന്ത് തെറ്റു ചെയ്താലും അതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നതാണ് പക്ഷപാതിത്വം (അസ്വബിയ്യത്ത്).

**عَنِ امْرَأَةٍ مِنْهُمْ يُقَالُ لَهَا فَسِيلَةُ أَنَّهَا قَالَتْ سَمِعْتُ أَبِي يَقُولُ سَأَلْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقُلْتُ يَا رَسُولَ اللَّهِ أَمِنَ الْعَصَبِيَّةِ أَنْ يُحِبَّ الرَّجُلُ قَوْمَهُ قَالَ لَا وَلَكِنْ مِنْ الْعَصَبِيَّةِ أَنْ يُعِينَ الرَّجُلُ قَوْمَهُ عَلَى الظُّلْمِ (احمد)**

അൽപവുംകൂടി പ്രായോഗികമായി നമുക്ക് ഇങ്ങനെ പറയാം: ഒരാളുടെ പക്ഷം എന്തെങ്കിലും തെറ്റു ചെയ്താൽ അതിനെ പിന്തുണക്കുക. അത് തെറ്റെന്ന് സമ്മതിച്ച് കൊടുക്കാതിരിക്കുക. മറ്റുള്ളവരുടെ നൻമകളെ അംഗീകരിക്കാതിരിക്കുക. ഇനി ചിന്തിച്ചു നോക്കൂ! നമ്മുടെയടുത്ത് പാളിച്ചകളോ പോരായ്മകളോ ഉണ്ടെങ്കിൽ അത് അംഗീകരിച്ച് കൊടുക്കാൻ നമ്മൾ എന്തിന് മടിക്കണം? ബൈഅത്ത് ചെയ്യപ്പെട്ടപ്പോൾ നടത്തിയ ആദ്യ പ്രഭാഷണത്തിൽ സ്വിദ്ദീഖ് (റ) ഇങ്ങനെയാണ് പ്രഖ്യാപിച്ചത്:

**عَنْ عَبْدِ اللهِ بْنِ عُكَيْمٍ ؛ قَالَ : لَمَّا بُويِعَ أَبُو بَكْرٍ رَضِيَ اللهُ عَنْهُ صَعَدَ الْمِنْبَرَ ، فَنَزَلَ مِرْقَاةً مِنْ مَقْعَدِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، فَحَمِدَ اللَّهَ وَأَثْنَى عَلَيْهِ ، ثُمَّ قَالَ : اعْلَمُوا أَيُّهَا النَّاسُ أَنَّ أَكْيَسَ الْكَيْسِ التُّقَى ، وأن أَحْمَقَ الْحُمْقِ الْفُجُورُ ، وَإِنَّ أَقْوَاكُمْ عِنْدِي الضَّعِيفُ حَتَّى آخُذَ لَهُ بِحَقِّهِ ، وَإِنَّ أَضْعَفَكُمْ عِنْدِي الْقَوِيُّ حَتَّى آخُذَ الْحَقَّ مِنْهُ ، إِنَّمَا أَنَا مُتَّبِعٌ وَلَسْتُ بِمُبْتَدِعٍ ، فَإِنْ أَحْسَنْتُ ؛ فَأَعِينُونِي ، وَإِنْ زِغْتُ ؛ فَقَوِّمُونِي ، وَحَاسِبُوا أَنْفُسَكُمْ قَبْلَ أَنْ تُحَاسَبُوا.**

ഒരിക്കൽ ഉമർ(റ) മഹ്റ് വാങ്ങുന്നത് കുറക്കാൻ ജനങ്ങളോട് ആവശ്യപ്പെടുകയും ഒരു ഖുറൈശി പെണ്ണ് അതിനെ എതിർക്കുകയും ചെയ്ത സംഭവം പ്രശസ്തമാണല്ലോ. അപ്പോൾ ഉമർ(റ) പറഞ്ഞത് ഇങ്ങനെയാണ്: എല്ലാവരും ഉമറിനെക്കാൾ അറിവുള്ളവരാണല്ലോ!

**عن مسروق، قال: ركب عمر بن الخطاب منبر رسول الله ثم قال: أيها الناس، ما إكثاركم في صُدُق النساء وقد كان رسول الله صلى الله عليه وسلم وأصحابه وإنماالصدقات فيما بينهم**

**HADIA CSE Khutba Notes (31.01.2020)**

സംഘബോധം അസ്വബിയ്യത്തിലേക്ക് വഴിമാറുന്നുവോ?

**أربعمائة درهم فما دون ذلك. ولو كان الإكثار في ذلك تقوى عند الله أو كرامة لم تسبقوهم إليها. فَلا أعرفَنَّ ما زاد رجل في صداق امرأة على أربعمائة درهم قال : ثم نزل فاعترضته امرأة من قريش فقالت: يا أمير المؤمنين، نَهَيْتَ الناس أن يزيدوا النساء صداقهم على أربعمائة درهم؟ قال: نعم. فقالت: أما سمعت ما أنزل الله في القرآن؟ قال: وأي ذلك؟ فقالت: أما سمعت الله يقول: {وَآتَيْتُمْ إِحْدَاهُنَّ قِنْطَارًا [فَلا تَأْخُذُوا مِنْهُ شَيْئًا أَتَأْخُذُونَهُ بُهْتَانًا وَإِثْمًا مُبِينًا] [النساء: ٢٠] قال: فقال: اللهم غَفْرًا، كُلُّ الناس أفقه من عمر. ثم رجع فركب المنبر فقال: إني كنت نهيتكم أن تزيدوا النساء في صداقهن على أربعمائة درهم، فمن شاء أن يعطي من ماله ما أحب. (ابن كثير)**

അപ്പോൾ തെറ്റുകൾ അംഗീകരിക്കാൻ ലജ്ജിക്കേണ്ട ആവശ്യമില്ല. അതുപോലെ തന്നെ പ്രധാനമാണ് മറ്റുള്ളവരുടെ നന്മ അംഗീകരിക്കുന്നത്. ഒരാളോട് അഭിപ്രായഭിന്നത ഉണ്ടെന്നു കരുതി അയാളുടെ നൻമ, നൻമ അല്ലാതെയാവുന്നില്ല.

സംവാദങ്ങൾക്ക് ഇറങ്ങുമ്പോൾ ഇമാം ശാഫിഈ (റ) പറഞ്ഞിരുന്നത്രേ!

قال الشافعي :"ما ناظرت أحدًا إلا تمنيت لو أن الله أظهر الحق على لسانه"

കാഫിറുകൾ അസത്യത്തിന്റെ മേലിലാണെന്നത് വളരെ വ്യക്തമാണല്ലോ. എന്നിട്ടുപോലും അവരുമായുള്ള സംഭാഷണം/സംവാദം ഉദ്ധരിക്കുമ്പോൾ ഖുർആൻ കാണിക്കുന്ന പ്രതിപക്ഷ ബഹുമാനം നോക്കൂ.

**وَإِنَّا أَوْ إِيَّاكُمْ لَعَلَى هُدًى أَوْ فِي ضَلَالٍ مُبِينٍ (سبأ)**

അതുകൊണ്ട് നമ്മുടെ കൂട്ടായ്മകൾ നാളെ ആഖിറത്തിൽ നമുക്ക് ദോഷമായി മാറാതിരിക്കാൻ നാം ശ്രദ്ധിക്കുക.

നമ്മുടെ സംഘശക്തി സർവശക്തൻ നിലനിർത്തട്ടെ –ആമീൻ

**ഖുതുബ നോട്ട്സ്**
**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

+91 94964 45823